## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4117 — 26/06/2013 - ൽ മറുപടിക്ക്

### കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാതയുടെ പ്രവർത്തനം നവംബറിൽ ആരംഭിക്കുമോ ; | (എ) | കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാതയുടെ പണികൾ പൂർത്തീകരിച്ച് 2013 നവംബർ മാസത്തോടുകൂടി കമ്മീഷൻ ചെയ്യാനാകുമെന്നാണ് ഈ പദ്ധതിയുടെ പൂർണ്ണ ചുമതലയുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ അധികൃതർ അറിയിച്ചിട്ടുള്ളത്. |
| (ബി) കൊല്ലം മുതൽ കോവളം വരെയുള്ള ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനത്തിന് മുന്തിയ പരിഗണന നല്കി ആരംഭിക്കുമോ ; | (ബി) | കൊല്ലം മുതൽ കോവളം വരെയുള്ള പാത സംസ്ഥാന ജലപാതയുടെ മാനദണ്ഡങ്ങൾക്ക് അനുസരണമാംവിധം വികസിപ്പിക്കുന്നതിന് പുനരുദ്ധാരണപ്രവർത്തനങ്ങൾ മുൻഗണന നൽകി നടപ്പിലാക്കി വരികയാണ്. |
| (സി) കൊല്ലം തോട്ടിന്റെ നിർമ്മാണത്തിന് 06-06-2013-ന് ഭരണാനുമതി നൽകാൻ തീരുമാനിച്ച പ്രകാരം അനുവദിച്ച തുക കൊല്ലം അഷ്ടമുടികായൽ മുതൽ പരവൂർ കായൽ വരെയുള്ള തോട്ടിന്റെ നവീകരണത്തിന് ആവശ്യമായ തുകയുടെ ഒരു ഭാഗം മാത്രമാണെന്നതിനാൽ ബാക്കിയുള്ള തുക കൂടി ഉടനെ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | കൊല്ലം തോടിന്റെ അഷ്ടമുടിക്കായൽ മുതൽ ഇരവിപുരം കായൽ (ചെ: 66.32 കി.മീ-74.18 കി.മീ) വരെയുള്ള വർക്കിന് 24.06.2013 ലെ സ:ഉ (സാ) നം. 11/13/സി.എസ്.ഐ.എൻ.ഡി പ്രകാരം 1000.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പണി പൂർത്തീകരിക്കുവാൻ ആവശ്യമായ ബാക്കി തുക അടുത്ത സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ തുകയുടെ ലഭ്യത അനുസരിച്ച് അനുവദിക്കുന്നതാണ്. |
| (ഡി) ഇപ്പോൾ അനുവദിച്ച തുകയനുസരിച്ചുള്ള നിർമ്മാണം ഉടനെ ആരംഭിക്കുമോ ? | (ഡി) | സാങ്കേതികാനുമതി നൽകിയതിന് ശേഷം നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള ടെണ്ടർ നടപടികൾ ഉടൻ ആരംഭിക്കും. |

സെക്ഷൻ ഓഫീസർ